exam WiNNER®

A

802

സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2019 – 2020

## മലയാളം

## കേരളപാഠാവലി

സ്റ്റാൻഡേർഡ് : VIII

സമയം :1 1/2 മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഒന്നുമുതൽ അഞ്ചുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

**(4 x 1 = 4)**

1. "എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ"

   പെരുന്തച്ചന്റെ വാക്കുകളിൽ തെളിയുന്ന ഭാവം ഏത്?

   - അസൂയ
   - വിദ്വേഷം
   - സഹതാപം
   - അഭിമാനം

2. "ദേവഭാഷാമൃതം ചേർന്ന ഭാഷേ" (മാണിക്യവീണ)

   വരിയുടെ ആശയം കണ്ടെത്തി എഴുതുക.

   - മലയാളഭാഷയിലുള്ള സംസ്കൃതത്തിന്റെ സ്വാധീനം.
   - തമിഴ്ഭാഷയും മലയാളഭാഷയും തമ്മിലുള്ള ബന്ധം.
   - സംസ്കൃതഭാഷയിൽ മലയാളത്തിന്റെ സ്വാധീനം.
   - മലയാളവും സംസ്കൃതവും ദേവഭാഷകളാണ്.

3. "ചിലപ്പോഴെങ്കിലും മേഘം കത്തിജ്ജ്വലിക്കുന്ന സൂര്യനെതിരെയുള്ള ജീവജാലങ്ങളുടെ <u>രക്ഷാകവചമാണ്.</u>"

   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

   - രക്ഷയ്ക്കുള്ള കവചം
   - രക്ഷയും കവചവും
   - രക്ഷകന്റെ കവചം
   - രക്ഷ എന്ന കവചം



exam WiNNER®

4. "ആയിരം മണിയുടെ നാവുപൊത്തീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?"

വരികളുടെ ആശയത്തിന് യോജിക്കുന്ന പഴഞ്ചൊല്ല് തിരഞ്ഞെടുത്ത് എഴുതുക.

- ആയിരം ഉപദേശം അകത്തുചെന്നാലും അപശബ്ദമല്ലാതെ പുറത്തുവരില്ല.
- ആയിരം കുടത്തിന്റെ വാ കെട്ടാം; ഒരു മനുഷ്യന്റെ വായ് കെട്ടിക്കൂടാ.
- ആയിരം പണം പോയാലും വേണ്ടില്ല; മനസ്സിന്റെ തിടുക്കം തീർന്നല്ലോ.
- കൈയനങ്ങിയാലേ നാവനങ്ങൂ.

5. പിരിച്ചെഴുതിയതിൽ ശരിയായത് ഏത്?

- പ്രത്യുപകാരം - പ്രത്യു + ഉപകാരം
- തലതാഴ്ത്തുകയില്ല - തലതാഴ്ത്തുക + ഇല്ല
- കൃഷ്ണനോട് - കൃഷ്ണ + നോട്
- എനിക്കതിൽ - എനി + ക്കതിൽ

**ആറുമുതൽ പത്തുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**
**(4 x 2 = 8)**

6. "ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു." (പെരുന്തച്ചൻ)

അടിവരയിട്ട പ്രയോഗങ്ങൾ നൽകുന്ന അർഥസൂചനകൾ രണ്ടോ മൂന്നോ വാക്യത്തിലെഴുതുക.

7. അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കി മാറ്റിയെഴുതുക.

ജയാപജയങ്ങൾ ഗൗനിക്കാതെ, മരണഭയം കൂടാതെ സുയോധനനുവേണ്ടി എന്റെ സ്വന്തം അനുജന്മാരുമായി ഞാൻ യുദ്ധം ചെയ്യും.

8. "അടുക്കളമാത്രം ഭൂലോകമാക്കിക്കഴിയുന്ന അന്നത്തെ ഗൃഹനായികമാർ മിക്ക ദിവസങ്ങളിലും ഒഴിഞ്ഞ വയറുകളോടുകൂടെയാണ് ഉറക്കത്തിലേക്ക് ചായുന്നത്." (വഴിയാത്ര)

വരികളിൽ പ്രകടമാകുന്ന സാമൂഹികവിമർശനം രണ്ടോ മൂന്നോ വാക്യത്തിലെഴുതുക.

9. "എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടു?" (കവിതയോട്)

കവിയുടെ ദുഃഖത്തിന്റെ തീവ്രത ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക.

10. 'മാനവികതയുടെ തീർഥം' എന്ന ശീർഷകത്തിന്റെ രണ്ട് അർഥസാധ്യതകൾ എഴുതുക.



exam WiNNER®

പതിനൊന്നുമുതൽ പതിനഞ്ചുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) **(4 x 4 = 16)**

11. കാവ്യഭംഗി വ്യക്തമാക്കുക.

"ചിത്രവർണോജ്ജ്വലേ, നിൻ പുഷ്പവാടിയി-
ലെത്ര വസന്തങ്ങൾ വന്നതില്ല?
ഹൃത്തിലൊതുങ്ങാത്തൊരാവേശമാർന്നുകൊ-
ണ്ടെത്ര കുയിലുകൾ കൂകിയില്ല?" (മാണിക്യവീണ)

12. "പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ
ത്താങ്ങുമായിരുന്നാക്കൈ... വിതുമ്പീ പെരുന്തച്ചൻ."

"കൊച്ചനെ സ്തുതിക്കുമ്പോളെന്മുഖം മങ്ങീപോലും
തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പ്പോമോ?" (പെരുന്തച്ചൻ)

നഷ്ടബോധത്താലും അപവാദത്താലും വേദനിക്കുന്ന ഒരച്ഛന്റെ മനസ്സാണോ പെരുന്തച്ചന്റേത്? പരിശോധിക്കുക.

13. "അരങ്ങൊഴിയുന്നതിനു മുമ്പായുള്ള അവസാനവേഷം. അതുകൊണ്ട് അരങ്ങു തകർക്കുന്ന കളിയാവും." (കീർത്തിമുദ്ര)

പ്രേക്ഷകന്റെ ഈ അഭിപ്രായം കഥാന്ത്യത്തെക്കുറിച്ചുള്ള സൂചനകൂടി നൽകുന്നുണ്ടോ? പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. "ലോകമേ തറവാടു തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ" (എന്റെ ഗുരുനാഥൻ)

ഗാന്ധിജിയെക്കുറിച്ചുള്ള ഈ നിരീക്ഷണത്തിന്റെ സമകാലികപ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

15.
- "തേവിത്തേവി വറ്റിപ്പോയ കിണറാണ് മുമ്പിൽ. എന്നാലും പൊടിയുന്നുണ്ട് തെളിനീര്."
- "സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തു കൊണ്ടുപോയ ഒരേയൊരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്. അമ്മമ്മ ചെരുപ്പും ധരിക്കാറില്ല. ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്."

'അമ്മമ്മ' എന്ന അനുഭവക്കുറിപ്പ് കൂടുതൽ ആസ്വാദ്യമാകുന്നത് ഭാഷയുടെ വൈകാരികതകൊണ്ടാണ്. മറ്റു സന്ദർഭങ്ങൾകൂടി വിശകലനം ചെയ്ത് സമർഥിക്കുക.



exam WiNNER®

പതിനാറുമുതൽ പതിനെട്ടുവരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.
(ഒരുപുറം വീതം) (2 x 6 = 12)

16. • "ആ സുയോധനനുമായുള്ള വേഴ്ചയെ ഞാൻ ഭർത്സിച്ചാൽ നീചമായ കൃതഘ്നതപോലും എന്നെക്കണ്ടാൽ ലജ്ജിച്ചു തലതാഴ്ത്തുകയില്ലേ."
• "അല്ലയോ വാസുദേവാ, ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല; അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല."

(ധർമ്മിഷ്ഠനായ രാധേയൻ)

തന്നിരിക്കുന്ന സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് 'കർണൻ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. "പുതിയ പ്രഭാതം, സ്വർണം വിളയുന്ന കിഴക്കേ ദിക്ക്. ചെങ്കതിർമാല ചൊരിയുന്ന ഉദയസൂര്യപ്രഭ. നിളാകല്ലോലങ്ങൾ ആ കാവ്യസുവർണകാന്തി മോന്തിക്കുടിക്കുന്നു." (കളിയച്ഛൻ ജനിക്കുന്നു)

"പൂർവാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക-
പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി-
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും......" (കവിതയോട്)

തന്നിരിക്കുന്ന രചനാഭാഗങ്ങളിലെ പ്രകൃതിവർണ്ണനയുടെ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

18. ആശയം, പ്രയോഗഭംഗി, ചമൽക്കാരഭംഗി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

**മലയാളം**

എത്ര സുന്ദരമെത്ര സുന്ദരമെന്റെ മലയാളം
മുത്തുപവിഴങ്ങൾ കൊരുത്തൊരു പൊന്നുനൂൽപോലെ
മണ്ണിൽ വീണു കുരുത്ത നെന്മണി-
വിത്തു മുളപൊട്ടി
മിന്നുമീരില വീശിടും പോ-
ലെത്രയീരടികൾ
മണ്ണിൽ വേർപ്പുവിതച്ചവർത-
ന്നീണമായ് വന്നൂ!
അന്നു പാടിയ പാട്ടിലൂഞ്ഞാ-
ലാടി മലയാളം
കൊഞ്ചലും കുറുമൊഴികളും പോയ്,
കഥകൾ പലതോതി,
നെഞ്ചണച്ചൊരു ഗുരു വളർത്തിയ
കിളിമകൾ പാടീ.
ദേവദൈത്യമനുഷ്യവർഗ-
മഹാചരിത്രങ്ങൾ
തേൻകിനിയും വാക്കിലോതി
വളർന്നൂ മലയാളം!

(ഒ.എൻ.വി)

| |
|---|
| ദൈത്യൻ - അസുരൻ |



exam WiNNER ®